## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.52 — 10.06.2013 ൽ മറുപടിയ്ക്ക്

## കരമനയാറിന്റെ ശുചീകരണവും സംരക്ഷണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി | ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) തിരുവല്ലം പരശുരാമ ക്ഷേത്രത്തിനു സമീപത്തുള്ള ഭാഗത്ത് നീന്തൽ പരിശീലനത്തിനിറങ്ങിയ 26 കുട്ടികൾ എലിപ്പനി ബാധിച്ച് വിവിധ ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടതും, അതിൽ ഒരു കുട്ടി മരിക്കാനിടയായതും കരമനയാർ മാരകമായ രീതിയിൽ മലീമസമാക്കപ്പെട്ടതു കൊണ്ടാണെന്നുള്ള കാര്യം സംസ്ഥാന പരിസ്ഥിതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ കരമനയാറിനെ ശുചീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും നാളിതുവരെ പരിസ്ഥിതി വകുപ്പ് കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ ? | (ബി) നഗരമാലിന്യങ്ങൾ, പ്രത്യേകിച്ച് അസംസ്കൃത സീവേജ് മൂലമാണ് കരമനയാർ മലിനപ്പെടുന്നത്. ഇത് തടയുന്നതിനായി മുട്ടത്തറയിൽ ഒരു ബൃഹത്തായ സീവേജ് സംസ്ക്കരണ പ്ലാന്റ് പണി തീർത്തിട്ടുള്ളത് 2013 ജൂൺ മാസം അവസാനത്തോടെ പ്രവർത്തന ക്ഷമമാകുന്നതാണ്. എന്നാലും പാർവ്വതീ പുത്തനാറിന്റെ ഇരു കരകളിലും ഉള്ള വീടുകളിൽ നിന്ന് മാലിന്യം തുറന്നു വിട്ടിരിക്കുന്നതിനാൽ മലിനീകരണം തുടരും എന്നതിനാൽ, അതിനായി ഒരു പ്രത്യേക പദ്ധതിയുണ്ടാക്കുന്നതിന്റെ ഭാഗമായി, സം |

സ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഒരു സാനിട്ടേഷൻ സർവ്വേ നടത്തി വരുന്നു. ശാസ്ത്ര-സാങ്കേതിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ കരമനയാർ ശുചീകരണത്തിനായി ഈ വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നിർദ്ദിഷ്ഠ 'മൾട്ടി മോഡൽ മൊബിലിറ്റി ഹബ്ബിന്റെ' ഭാഗമായി, പാർവ്വതീ പുത്തനാർ പുനരുജ്ജീവിപ്പിക്കാനുള്ള നടപടികളും ആരംഭദശയിലാണ്.

കരമനയാറിന്റെ പുനരുജ്ജീവിപ്പിക്കലിനായി, ജലസേചന വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'RITES' എന്ന ഏജൻസി മുഖേന ഒരു പഠനവും നടത്തി വരികയാണ്.

സെക്ഷൻ ഓഫീസർ